LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വികസനത്തിനായി നീക്കിവച്ച തുക

136 (428) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം ടൂറിസം വികസനത്തിനായി നീക്കിവച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുമോ;

(ബി) ഇതുവരെ ഈ ഇനത്തിൽ എന്തു തുക ചെലവിട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന കാലയളവിൽ എന്ത് തുക ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 36,76,54,701 (മുപ്പത്തിയാറുകോടി എഴുപത്തിയാറുലക്ഷത്തി അമ്പത്തി നാലായിരത്തി എഴുന്നൂറ്റിയൊന്ന്) രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ, ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ, മാർക്കറ്റിംഗ് കാമ്പെയിന്റെ ഭാഗമായി വിവിധ പദ്ധതികൾ, ഇക്കോ ടൂറിസം പദ്ധതികൾ, ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയ്ക്കായി ബാക്കി വരുന്ന തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

ആക്കുളം ടൂറിസം വികസനം

137 (429) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ പദ്ധതിയിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;